(സി) പ്രസ്തുത ഏജൻസി മുഖാന്തരം നടപ്പിലാക്കുന്നതിന് വാമനപുരം എം.എൽ.എ. ഏതെങ്കിലും പ്രവൃത്തികളുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറു അരുവികളിൽ ചെക്കുഡാം നിർമ്മാണം, പഴം, പച്ചക്കറി വികസന പദ്ധതി എന്നിവയിൽ തുടങ്ങി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ, സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽദാന പരിപാടി, കുളങ്ങൾ നവീകരിക്കൽ, കൃഷി വികസനം, ക്ഷീരവികസന പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ ഉപജീവന ആസ്തികൾ സൃഷ്ടിക്കുന്ന സ്വയംതൊഴിൽ പരിപാടികൾ, പരിസ്ഥിതി സംരക്ഷണത്തിലൂടെയുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനം എന്നീ പദ്ധതികൾ നടത്തിവരുന്നു.

(ബി) 2011-12 മുതൽ 2015-16 വരെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും സർക്കാരിൽനിന്നും ഫണ്ട് റിലീസ് ചെയ്ത തുകയും 10-12-2015-വരെയുള്ള ചെലവ് തുകയുടേയും വിശദീകരണം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പ്രൊപ്പോസൽ പരിശോധനയിലാണ്. 2014-15 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ഒരു റോഡു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നു. ആയത് പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ജില്ലാ വികസന സമിതി യോഗം**

13 (3215) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം കളക്ടറേറ്റിൽ എല്ലാ മാസവും നടത്തുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിനും നിശ്ചിത സമയക്രമം അനുവദിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവനന്തപുരം കളക്ടറേറ്റിൽ എല്ലാ മാസവും നടത്തുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിനും നിശ്ചിത സമയക്രമം അനുവദിക്കുന്ന കാര്യം നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**ഗ്രാമീണ വ്യവസായ സംരംഭകർക്ക് ധനസഹായം**

14 (3216) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ മേഖലയിലെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പാക്കേജ് തയ്യാറാക്കുമോ?

ഉത്തരം

ഇത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസലുകളൊന്നും നിലവിലില്ല

**ഗ്രാമീണ റോഡുകളുടെ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

15 (3217) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിച്ചുവെന്നും പുനരുദ്ധരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതികൾ**

16 (3218) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. ഹംസ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly